# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1579 | 03/05/2017 ൽ മറുപടിക്ക് |
|---|---|

## അഴിമതി കേസുകളിൽ ഗവേഷണം നടത്തുവാൻ വിജിലൻസ് തീരുമാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ**<br>**,, അൻവർ സാദത്ത്**<br>**,, എൽദോസ് കുന്നപ്പിള്ളി**<br>**,, സണ്ണി ജോസഫ്** | | **ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | വിജിലൻസ് വകുപ്പ് രൂപീകരിച്ച് 53 വർഷം പിന്നിടുമ്പോൾ പ്രധാന അഴിമതി കേസുകളിൽ എന്ത് സംഭവിച്ചുവെന്ന കാര്യത്തിൽ ഗവേഷണം നടത്തുവാൻ വിജിലൻസ് തീരുമാനം എടുത്തിരുന്നുവോ; | (എ) യും (ബി) യും (സി) യും | മുൻ കാലങ്ങളിലെ കേസുകളിലെ അന്വേഷണ നടപടികൾ, കേസ് നടപടികൾ, നിയമനടപടികൾ എന്നിവ സംബന്ധിച്ച് വിജിലൻസ് വകുപ്പിന് പ്രയോജന പ്രദമാകുന്ന രീതിയിൽ ഒരു അക്കാഡമിക് പഠനം നടത്തുവാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തീരുമാനിച്ചിരുന്നു. എന്നാൽ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കേസുകളെ കുറിച്ച് ഗവേഷണ പഠനം നടത്തുന്നതിന് നിയമപരമായ പരിമിതികൾ ഉണ്ടെന്ന റിപ്പോർട്ടാണ് നോഡൽ ഓഫീസർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് സമർപ്പിച്ചത്. |
| (ബി) | ഗവേഷണം നടത്തേണ്ട കേസുകളുടെ പ്രാഥമിക പട്ടിക വിജിലൻസ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പട്ടികയിൽപ്പെട്ട കേസുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; | | |
| (സി) | കോടതികളുടെ തുടർച്ചയായ വിമർശനമാണോ വിജിലൻസിലെ പഴയ കേസുകൾ സംബന്ധിച്ച ഗവേഷണം നടത്താൻ പ്രേരിപ്പിച്ചതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ